# തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം :- ആ.വ.ഡ — ജീവനക്കാര്യം — 01/11/2007 മുതൽ 31/12/2012 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2 തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി പട്ടിക പ്രൊവിഷണൽ ആയി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു

പരാമർശം:-

1) ഉത്തരവ് നം.ഇഎസ്1-1431/2018/ആവഡ തീയതി 31/05/2022
2) OA(EKM)No.203/2021, OA No.33/2021 കേസുകളിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23/02/2023 ലെ അന്തിമ ഉത്തരവ്
3) ബഹു.കേരള ഹൈക്കോടതിയിലെ OP KAT No.97/2023 എന്ന കേസിലെ 14/03/2023 ലെ ഇടക്കാല ഉത്തരവ്.
4) സർക്കാർ ഉത്തരവ് സാധാ നം.1181/2023/ആകുവ തീയതി 18/05/2023
5) ബഹു.കേരള ഹൈക്കോടതിയിലെ OP KAT No.97/2023 മേൽ 10/08/2023 ലെ ഇടക്കാല ഉത്തരവ്.
6) സർക്കാർ കത്ത് നം.സി2-56/2021(പി1) ആകുവ തീയതി 02/12/2023.
7) ഉത്തരവ് നം.ഇഎസ്1-9528/2023/ആവഡ തീയതി 29/12/2023 .
8) ഉത്തരവ് നം.ഇഎസ്1-6564 (1)/2023/ആവഡ തീയതി 22/01/2024.
9) Govt.Lr.No.C2/103/2022/H&FWD dated 15/04/2024

## ഉത്തരവ് നം. ഇ.എസ് 1- 9528/23/ആ.വ.ഡ തീയതി : 11-06-2024

മേൽ പരാമർശം (1) പ്രകാരം 01/11/2007 മുതൽ 31/12/2010 വരെയുള്ള കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I I ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു.

01/01/1997 - 31/03/2000 കാലയളവിലെ സീനിയോരിറ്റിപട്ടിക തയ്യാറാക്കിയ മാനദണ്ഡമനുസരിച്ച് 01/04/2000 മുതലുള്ള സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കണം എന്നാവശ്യപ്പെട്ട് ബഹു.കെഎറ്റിയിൽ OA(EKM)No.203/2021, OA No.33/2021 എന്നിവ ഫയൽ ചെയ്യുകയും ബഹു.കെ.എ.റ്റി.യുടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ 01/04/2000 മുതലുള്ള സീനിയോരിറ്റി ലിസ്റ്റ് പി എസ് സി നിയമന ശിപാർശയുടെ അടിസ്ഥാനത്തിലല്ലാതെ 01/01/1997 - 31/03/2000 കാലയളവിലെ സീനിയോരിറ്റി പട്ടികയുടെ മാതൃകയിൽ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യത മാനദണ്ഡമാക്കി പുതുക്കി പ്രസിദ്ധീകരിക്കുവാൻ ഉത്തരവായിരുന്നു. ബഹു.കെഎറ്റിയുടെ പ്രസ്തുത ഉത്തരവ് പാലിച്ചുകൊണ്ട് സർക്കാർ പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 01/04/2000 മുതലുള്ള സീനിയോരിറ്റി ലിസ്റ്റ് പുതുക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ബഹു.കെഎറ്റിയുടെ പരാർ ശം ( 2 ) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെതിരെയും പരാമർശം ( 4 ) സർക്കാർ ഉത്തരവിനെതിരെയും OP KAT No.97/2023, OP KAT No.218/2023 എന്നിവ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ടിരുന്നു.

OP KAT No.97/2023 മേൽ പരാമർശം (3) പ്രകാരം ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച

ഇടക്കാല വിധിന്യായത്തിൽ ബഹു.കെ.എ.റ്റി നിർദ്ദേശിച്ച പ്രകാരം സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിരുന്നു. സീനിയോരിറ്റി ലിസ്റ്റ് സംബന്ധമായ വിഷയം ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന SLP(C) 12363/2018 ലെ പരിഗണന വിഷയമായതിനാൽ പുതുക്കിയ സീനിയോരിറ്റിപട്ടിക പ്രൊവിഷണൽ സീനിയോരിറ്റിപട്ടിക ആയി പരിഗണിച്ച് KS&SSR ഭാഗം II റൂൾ 31 (a)(1) പ്രകാരം താത്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനായി ഉപയോഗിക്കാമെന്ന് ബഹു.ഹൈക്കോടതി പരാമർശം ( 5 ) പ്രകാരം പുറപ്പെടുവിച്ച വിധിയിൽ ഉത്തരവായിരുന്നു. പരാമർശം (6) സർക്കാർ കത്തിൽ സീനിയോരിറ്റി പട്ടിക ചട്ടപ്രകാരമുള്ള നടപടി പൂർത്തിയാക്കി പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നതിനെ തുടർന്ന്സർക്കാർ ഉത്തരവ് പ്രകാരമുള്ള യോഗ്യത മാനദണ്ഡമാക്കി 01/11/2007 മുതൽ 31/12/2010 വരെയുള്ള കാലയളവിലെ ജെ.എച്ച്.ഐ ഗ്രേഡ് II തസ്തികയിലെ സീനിയോരിറ്റി പട്ടിക (ലിസ്റ്റ് I, ലിസ്റ്റ് II എന്നിവയായി) പ്രൊവിഷണലായി പ്രസിദ്ധീകരിച്ച് പരാമർശം (8) പ്രകാരം ഉത്തരവായിരുന്നു.

മേൽ പരാമർശം ( 7 ) പ്രകാരം 01/01/2011 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ ജെഎച്ച് ഐ ഗ്രേഡ് II തസ്തികയിലെ താത്കാലിക സീനിയോരിറ്റി പട്ടിക ലിസ്റ്റ് I, ലിസ്റ്റ് II എന്നിങ്ങനെ പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ടി പട്ടികയിന്മേൽ ആക്ഷേപങ്ങൾ ഉള്ള പക്ഷം ആയവ ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

മേൽ പരാർശം (9) പ്രകാരം നിലവിൽ കോടതി വിധിക്ക് വിധേയമായി പ്രസിദ്ധീകരിച്ച ജെ എച്ച് ഐ ഗ്രേഡ് II തസ്തികയിലെ 01/11/2007 മുതൽ 31/12/2010 കാലയളവിലെ സീനിയോരിറ്റി പട്ടികയിലേയ്ക്ക് 01/01/2011 മുതൽ 31/12/2012 വരെയുള്ള സീനിയോരിറ്റി പട്ടിക ( HIC, SIC വെവ്വേറെ യോഗ്യതയുടെ അടിസ്ഥാനത്തിൽ) കൂട്ടിച്ചേർത്ത് ഏകീകൃത സീനിയോരിറ്റി ലിസ്റ്റ് ആക്കി പ്രസിദ്ധീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ( 7 ) പ്രകാരം പ്രസിദ്ധീകരിച്ച പട്ടികയിന്മേൽ ലഭിച്ച അപ്പീലുകൾ പരിശോധിച്ച് 01/11/2007 മുതൽ 31/12/2012 വരെയുള്ള ആരോഗ്യവകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ പ്രൊവിഷണൽ സീനിയോരിറ്റി പട്ടിക (ലിസ്റ്റ് I , ലിസ്റ്റ് II എന്നിങ്ങനെ) ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന SLP(C) 12363/2018 ലെ അന്തിമ വിധിന്യായത്തിന് വിധേയമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പട്ടികകൾ അനുബന്ധമായി ചേർക്കുന്നു.

Dr REENA K J

Signed by
Reena K J
Date: 11-06-2024 14:20:22

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:- ബന്ധപ്പെട്ട ജീവനക്കാർ (മേലധികാരി മുഖേന)

പകർപ്പ്:-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും( വെബ്സൈറ്റ് മുഖേന)
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
3. സൂപ്രണ്ട്, ഇജി സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ